**15 -ാം കേരള നിയമസഭ**

**2 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 1881** **29-07-2021 - ൽ മറുപടിയ്ക്ക്**

**മിനി ഇൻഡസ്ട്രിയൽ എസ്റ്റേറ്റ് പദ്ധതി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീമതി കെ.കെ.രമ | | **Shri. P. Rajeeve**<br>**(നിയമം, വ്യവസായം, കയർ വകുപ്പ് മന്ത്രി)** | |
| (എ) | വ്യാവസായിക വികസനം ലക്ഷ്യം വച്ച് സംസ്ഥാനത്ത് ആരംഭിച്ച മിനി ഇൻഡസ്ട്രിയൽ എസ്റ്റേറ്റ് പദ്ധതി ഇപ്പോൾ ഏതു ഘട്ടത്തിലാണെന്ന് അറിയിക്കാമോ; പ്രസ്തുത പദ്ധതി പ്രകാരം സംസ്ഥാനത്ത് പ്രവർത്തനക്ഷമമായിട്ടുള്ള മിനി ഇൻഡസ്ട്രിയൽ എസ്റ്റേറ്റുകളുടെ എണ്ണം എത്രയെന്ന് വ്യക്തമാക്കുമോ; | (എ) | സംസ്ഥാനത്ത് വ്യവസായ വാണിജ്യ ഡയറക്ടറേറ്റിന്റെ കീഴിലുള്ള പ്രവർത്തനക്ഷമമായിട്ടുള്ള മിനി ഇൻഡസ്ട്രിയൽ എസ്റ്റേറ്റുകളുടെ എണ്ണം ജില്ല തിരിച്ച് ചുവടെ ചേർക്കുന്നു. തിരുവനന്തപുരം - 6 കൊല്ലം - 5 പത്തനംതിട്ട – 3 ആലപ്പുഴ – 7 കോട്ടയം - 10 ഇടുക്കി - 5 എറണാകുളം - 16 തൃശ്ശൂർ - 10 പാലക്കാട് - 6 മലപ്പുറം - 4 കോഴിക്കോട് - 8 വയനാട് - ഇല്ല കണ്ണൂർ - 4 കാസർഗോഡ് - 5 ആകെ : 89 വ്യവസായ വകുപ്പിലെ പൊതുമേഖലാ സ്ഥാപനമായ സിഡ്കോ-യുടെ കീഴിൽ 36 മിനി വ്യവസായ എസ്റ്റേറ്റുകളാണുള്ളത്. ആയതിൽ 36 എണ്ണവും പ്രവർത്തനക്ഷമമാണ്. |
| (ബി) | മിനി ഇൻഡസ്ട്രിയൽ എസ്റ്റേറ്റുകളുടെ പ്രവർത്തന രീതി വിശദമാക്കുമോ; ഏതൊക്കെ വ്യവസായ പ്രവർത്തനങ്ങളാണ് ഇവിടെ നടപ്പാക്കുന്നതെന്ന് അറിയിക്കാമോ; | (ബി) | വ്യവസായ വാണിജ്യ ഡയറക്ടറേറ്റിന്റെ കീഴിലുള്ള മിനി ഇൻഡസ്ട്രിയൽ എസ്റ്റേറ്റുകളുടെ പ്രവർത്തനരീതിയും വിശദാംശങ്ങളും അനുബന്ധമായി ചേർക്കുന്നു. സിഡ്കോയുടെ കീഴിലുള്ള ഓരോ മിനി വ്യവസായ എസ്റ്റേറ്റിലും 12 ഷെഡ്ഡുകൾ വീതമാണ് സിഡ്കോ നിർമ്മിച്ചിരിക്കുന്നത്. പ്രസ്തുത ഷെഡ്ഡുകളിൽ 300 ചതുരശ്രഅടി വിസ്തീർണ്ണമുള്ള ഒരു ഷെഡ്ഡ്, വ്യവസായികൾക്ക് ബാങ്കിൽ നിന്നും ലോൺ ലഭിക്കുന്നതിന് എളുപ്പത്തിൽ സഹായകമാകുന്നതിനായി, bank godown ആയും മറ്റൊരു ഷെഡ്ഡ് എസ്റ്റേറ്റിന്റെ ഓഫീസ് റൂം ആയും പ്രവർത്തിക്കുവാനാണ് തുടക്കത്തിൽ ഉദ്ദേശിച്ചിരുന്നത്. 10 യൂണിറ്റുകൾക്ക് മാത്രമായി ഒരു ബാങ്ക് ഗോഡൗണും ഒരു ഓഫീസ് റൂമും പ്രവർത്തിപ്പിക്കുക എന്നത് പ്രാവർത്തികമല്ലാത്തതിനാൽ പ്രസ്തുത ഷെഡ്ഡുകൾ കൂടി വ്യവസായികൾക്ക് അനുവദിച്ചു നൽകുകയാണുണ്ടായത്. സിഡ്കോ-യുടെ അധീനതയിലുള്ള മിനി വ്യവസായ |

| | | | |
|---|---|---|---|
| | | | എസ്റ്റേറ്റുകളിലാകെ 423 ഷെഡ്ഡുകളും അതോടൊപ്പം ഒഴിവുള്ള ഭൂമികൾ വ്യവസായികൾക്ക് അനുവദിച്ച വകയിലും ആകെ വിവിധ ഉൽപ്പന്നങ്ങൾ നിർമ്മിക്കുന്ന 351 യൂണിറ്റുകൾ പ്രവർത്തിക്കുന്നുണ്ട്. |
| (സി) | പദ്ധതിക്കായി ഭൂമി ഏറ്റെടുത്തശേഷം വ്യവസായ യൂണിറ്റുകളുടെ പ്രവർത്തനം ആരംഭിക്കാത്തതിനാൽ ഭൂമി ഉപയോഗശൂന്യമായി കിടക്കുന്ന സാഹചര്യം നിലവിലുണ്ടോ; എങ്കിൽ ഭൂമി ഏറ്റെടുത്തശേഷവും പദ്ധതി ഇനിയും ആരംഭിക്കാൻ കഴിയാത്തത് എവിടെയൊക്കെയാണെന്ന് അറിയിക്കാമോ; | (സി) | തിരുവനന്തപുരം ജില്ലയിൽ വ്യവസായ യൂണിറ്റുകളുടെ പ്രവർത്തന ആരംഭിക്കാ ത്തതിനാൽ ഭൂമി ഉപയോഗശൂന്യമായി കിടക്കുന്ന സാഹചര്യം നിലവിലില്ല. എന്നാൽ തിരുവനന്തപുരം - വെമ്പായം ഗ്രാമപഞ്ചായത്തിലെ കൊപ്പത്ത് ഒരേക്കർ സ്ഥലം സംഘം വിലകൊടുത്തു വാങ്ങിയിരുന്നു. ഇവിടെ വെള്ളം, വൈദ്യുതി, ഇന്റേണൽ റോഡുകൾ, ചുറ്റമതിൽ മുതലായ അടിസ്ഥാന സൗകര്യങ്ങൾ ഒരുക്കൽ, ഷെഡ്ഡുകളുടെ നിർമ്മാണം മുതലായവ ഫണ്ട് ലഭ്യമാകുന്ന മുറയ്ക്ക് എസ്റ്റേറ്റ് പ്രവർത്തനക്ഷമമാക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുന്നതാണ്. എറണാകുളം - സംഘം പുതുതായി ഏറ്റെടുത്ത മലയാറ്റൂർ വ്യവസായ എസ്റ്റേറ്റ് ഭൂമിയ്ക്ക് "ഇൻഡസ്ട്രിയൽ ഏരിയ ഡിക്ലറേഷൻ" ലഭ്യമായിട്ടില്ലാത്തതിനാൽ ടി എസ്റ്റേറ്റിൽ ഏതാനും യൂണിറ്റുകൾ അനുവദിക്കുന്നതിന് സാങ്കേതിക തടസ്സങ്ങൾ നേരിടുന്നുണ്ട്. മലപ്പുറം - പുലാമന്തോൾ പഞ്ചായത്തിലെ ചെമ്മലശ്ശേരി മിനി ഇൻഡസ്ട്രിയൽ എസ്റ്റേറ്റിലെ നിർമ്മാണം പൂർത്തിയായ 5 ഷെഡ്ഡുകൾ 2008ലെ നെൽ വയൽ തണ്ണീർത്തട സംരംക്ഷണ നിയമപ്രകാരം ഡാറ്റാബാങ്കിൽ തെറ്റായി ഉൾപ്പെട്ടതിനാൽ കെട്ടിട നമ്പർ ലഭിച്ചിട്ടില്ല. ഇക്കാരണത്താൽ സംരംഭകർക്ക് ഷെഡ്ഡുകൾ അനുവദിക്കാൻ സാധിച്ചിട്ടില്ല. മറ്റു പന്ത്രണ്ടു ജില്ലകളിൽ ഈ സാഹചര്യം ഇല്ല. |
| (ഡി) | പ്രസ്തുത പദ്ധതിയുടെ ഭാഗമായി വടകര നിയോജക മണ്ഡലത്തിൽ ഏതെങ്കിലും ഇൻഡസ്ട്രിയൽ എസ്റ്റേറ്റ് നിലവിലുണ്ടോ; എങ്കിൽ അതിന്റെ നിലവിലെ സ്ഥിതി വിശദമാക്കുമോ? | (ഡി) | വടകര നിയോജക മണ്ഡലത്തിന്റെ പരിധിയിൽ മിനി വ്യവസായ എസ്റ്റേറ്റുകളില്ല. |

സെക്ഷൻ ഓഫീസർ

അനുബന്ധം

1. തിരുവനന്തപുരം

തിരുവനന്തപുരം ജില്ലാ മിനി വ്യവസായ എസ്റ്റേറ്റ് കോ-ഓപ്പറേറ്റീവ് സൊസൈറ്റി തിരുവനന്തപുരം ജില്ലാ വ്യവസായ കേന്ദ്രം ആസ്ഥാനമായി 19.06.1976-ൽ വ്യവസായ സഹകരണ സംഘമായി രജിസ്റ്റർ ചെയ്ത് 01.07.1976-ൽ പ്രവർത്തനമാരംഭിക്കുകയും, വ്യവസായ വാണിജ്യ വകുപ്പിന്റെ ഭരണ നിയന്ത്രണത്തിലുള്ള ഒരു സഹകരണ സംഘവുമാണ്. ഇതിന്റെ പ്രവർത്തന പരിധി തിരുവനന്തപുരം ജില്ലയാണ്. ഈ സംഘത്തിന്റെ പ്രധാന പ്രവർത്തനം ചെറുകിട വ്യവസായ ആവശ്യങ്ങൾക്കായി മിനി ഇൻഡസ്ട്രിയൽ എസ്റ്റേറ്റുകൾ സ്ഥാപിച്ച് കെട്ടിടങ്ങൾ (ഷെഡ്ഡുകൾ) നിർമ്മിച്ച് വേണ്ടത്ര അടിസ്ഥാന സൗകര്യങ്ങളോടു കൂടി സംരംഭകർക്ക് വാടക, ഹയർ പർച്ചേസ്/ഔട്ട്_റേറ്റ് സെയിൽ ആയി നൽകുന്നതാണ് സംഘത്തിന്റെ പ്രവർത്തന രീതി. ഓരോ വ്യവസായ സംരംഭകനും നിർദ്ദേശിക്കപ്പെട്ടിരിക്കുന്ന ഓഹരി തുക അടച്ച് സംഘാംഗമായി തീരുകയും ചെയ്യുന്നു. ഇപ്രകാരം ലഭിക്കുന്ന ഓഹരി/വാടക എന്നിവയാണ് സംഘത്തിന്റെ പ്രധാന ധനാഗമ മാർഗ്ഗം. ഭക്ഷ്യ ഉൽപ്പന്നങ്ങൾ, എയ്റോ സ്പേസ് കമ്പോണന്റ്സ്, പ്ലാസ്റ്റിക് ഉൽപ്പന്നങ്ങൾ, വളം, ക്ലേ പൗഡർ, ഹോളോ ബ്രിക്സ്, ടൈലുകൾ, കൃത്രിമ അവയവങ്ങൾ എന്നിവ ഉൽപ്പാദിപ്പിക്കുന്ന യൂണിറ്റുകൾ, എഞ്ചിനീയറിംഗ് വർക്ക്സ്, പ്രിന്റിംഗ് യൂണിറ്റ്, ഫർണിച്ചർ യൂണിറ്റുകൾ എന്നീ വ്യവസായ പ്രവർത്തനങ്ങളാണ് തിരുവനന്തപുരം ജില്ലാ മിനി വ്യവസായ എസ്റ്റേറ്റ് കോ-ഓപ്പറേറ്റീവ് സൊസൈറ്റിയുടെ കീഴിലുള്ള 6 വ്യവസായ എസ്റ്റേറ്റുകളിലായി നടക്കുന്നത്.

2. കൊല്ലം

ക്രഷിങ് അലുമിനിയം പാത്ര നിർമ്മാണം, സ്റ്റീൽ പാത്ര നിർമ്മാണം, അലുമിനിയം റോളിംഗ് ഷീറ്റ് നിർമ്മാണം ഇലക്ട്രോ പ്ലേറ്റിംഗ്, ഹാർഡ്വെയർ ഐറ്റങ്ങളുടെ നിർമ്മാണം വളം നിർമ്മാണം എന്നിവയുമായി ബന്ധപ്പെട്ട പ്രവർത്തനങ്ങളാണ് നടക്കുന്നത്. കൂടാതെ വിവിധ എഞ്ചിനീയറിംഗ് വ്യവസായങ്ങളും നടക്കുന്നു.

3. പത്തനംതിട്ട

ജില്ലാതലത്തിൽ 1969 ലെ കേരള സഹകരണ സംഘ നിയമ പ്രകാരം രജിസ്റ്റർ ചെയ്യപ്പെട്ടിട്ടുള്ള മിനി ഇൻഡസ്ട്രിയൽ എസ്റ്റേറ്റ് സഹകരണ സംഘത്തിന്റെ കീഴിൽ ജില്ലയിൽ 3 മിനി ഇൻഡസ്ട്രിയൽ എസ്റ്റേറ്റുകൾ പ്രവർത്തിക്കുന്നു. മേൽ സഹകരണ

സംഘത്തിന് തെരഞ്ഞെടുക്കപ്പെട്ട ഭരണസമിതി നിലവിലുണ്ട്. മേൽ ഭരണസമിതിയും, ജില്ലാ വ്യവസായ കേന്ദ്രം ഉദ്യോഗസ്ഥനായ മാനേജിംഗ് ഡയറക്ടറും ചേർന്നാണ് ഭരണ നിർവ്വഹണം നടത്തുന്നത്. ജില്ലയിൽ ഇത്തരത്തിൽ മല്ലപ്പള്ളി, അടൂർ, പന്തളം എന്നീ സ്ഥലങ്ങളിലായി 3 മിനി ഇൻഡസ്ട്രിയൽ എസ്റ്റേറ്റുകൾ പ്രവർത്തിക്കുന്നു.

4. ആലപ്പുഴ

ചെറുകിട/സൂക്ഷ്മ വ്യവസായ സംരംഭങ്ങൾ നടത്തുന്നതിനുള്ള സ്ഥലവും ഷെഡും ലഭ്യത അനുവദിച്ച് വ്യവസായം തുടങ്ങാൻ ആഗ്രഹിക്കുന്നവർക്ക് അനുവദിച്ചു കൊടുക്കുകയാണ് മിനി ഇൻഡസ്ട്രിയൽ എസ്റ്റേറ്റുകൾ ചെയ്യുന്നത്. എല്ലാത്തരം എം.എസ്.എം.ഇ യൂണിറ്റുകളും ഇവിടെ പ്രവർത്തിക്കുന്നുണ്ട്.

5. കോട്ടയം

12 അംഗങ്ങളടങ്ങിയ തെരഞ്ഞെടുക്കപ്പെട്ട ഭരണസമിതിയുടെ കീഴിലാണ് സംഘം പ്രവർത്തിക്കുന്നത്. സംഘത്തിന്റെ മാനേജിംഗ് ഡയറക്ടർ പദവി അസിസ്റ്റന്റ് ജില്ലാ വ്യവസായ ഓഫീസർ റാങ്കിൽ കുറയാത്ത ഒരു ഉദ്യോഗസ്ഥൻ നിർവ്വഹിച്ചുവരുന്നു. റബ്ബറൈസ്ഡ് കയർ മാറ്റ്, റബ്ബർ മോൾഡഡ് ഗുഡ്സ് നിർമ്മാണം സ്പിക് വർക്ക്, ബേക്കറി ഉൽപ്പന്ന നിർമ്മാണം, പെറ്റ് ബോട്ടിൽ, ലെയ്ത്ത് വർക്ക്, സ്റ്റീൽ ഫാബ്രിക്കേഷൻ വർക്ക് തുടങ്ങിയ പ്രവർത്തനങ്ങൾ നടത്തുന്ന യൂണിറ്റുകൾ ടി പറഞ്ഞ 10 വ്യവസായ എസ്റ്റേറ്റുകളിൽ പ്രവർത്തിച്ചുവരുന്നു.

6. ഇടുക്കി

ചെറുകിട വ്യവസായ യൂണിറ്റുകളാണ് ഇവയിൽ പ്രവർത്തിച്ചു വരുന്നത്.

7. എറണാകുളം

ഗ്രാമീണ മേഖലകളിൽ സൂക്ഷ്മ-ചെറുകിട വ്യവസായ സംരംഭങ്ങൾ ആരംഭിക്കുന്നതിന് ആവശ്യമായ അടിസ്ഥാന സൗകര്യങ്ങൾ, അതായത്, വ്യവസായ പ്ലോട്ട്, വ്യവസായ ഷെഡ്ഡുകൾ, അതുമായി ബന്ധപ്പെട്ട് മറ്റ് അടിസ്ഥാന സൗകര്യങ്ങൾ എന്നിവ ഒരുക്കി രൊക്കവില/ഹയർ പർച്ചേസ് വില/ വാടക/ ലീസ് അടിസ്ഥാനത്തിൽ ചെറുകിട വ്യവസായ സംരംഭകർക്ക് അനുവദിച്ചു നൽകി. ടി വ്യവസായ എസ്റ്റേറ്റുകളിൽ വിവിധ

വ്യവസായ സംരംഭങ്ങൾ നടത്തി വരുന്നതാണ് ഈ പദ്ധതി ഫുഡ് പ്രോഡക്ട്സ്, പ്ലാസ്റ്റിക്, റബ്ബർ, ജനറൽ എഞ്ചിനീയറിംഗ് യൂണിറ്റുകൾ, പെയിന്റ് മാനുഫാക്ചറിംഗ്, കോൺക്രീറ്റ് ബിൽഡിംഗ് പ്രോഡക്ട്സ് തുടങ്ങിയ വ്യവസായ പ്രവത്തനങ്ങളാണ് ഇവിടെ നടപ്പാക്കുന്നത്.

8. തൃശ്ശൂർ

കേരളാ സഹകരണ നിയമം 1969 അടിസ്ഥാനപ്പെടുത്തി രൂപീകരിക്കപ്പെട്ട ജില്ലാതല മിനി ഇൻഡസ്ട്രിയൽ എസ്റ്റേറ്റ് കോ-ഓപ്പറേറ്റീവ് സൊസൈറ്റികളുടെ കീഴിലാണ് മിനി ഇൻഡസ്ട്രിയൽ എസ്റ്റേറ്റുകൾ പ്രവർത്തിച്ചുവരുന്നത്. ടി എസ്റ്റേറ്റുകളുടെ ദൈനംദിന പ്രവർത്തനങ്ങൾക്ക് അംഗങ്ങളിൽ നിന്നും കേരളാ സഹകരണ നിയമപ്രകാരം തെരഞ്ഞെടുക്കപ്പെടുന്ന ഡയറക്ടർമാർ ഉൾപ്പെടുന്നതും [illegible] അവരിൽ നിന്നും തെരഞ്ഞെടുക്കപ്പെടുന്ന ചെയർമാർ നേതൃത്വം നൽകുന്നതുമായ ഭരണസമിതിയാണ് നേതൃത്വം നൽകുന്നത്

ഒഴിവുവരുന്ന ഷെഡ്ഡുകൾ അനുവദിക്കുന്നതിന് പത്ര പരസ്യം നൽകി അപേക്ഷ ക്ഷണിക്കുകയും അവയിൽ നിന്നും അർഹരായവരും അനുയോജ്യരായതുമായ സംരംഭകരെ ഇന്റർവ്യൂ നടത്തി സർക്കാർ നിശ്ചയിച്ചിട്ടുള്ള നിരക്കിൽ വാടകയ്ക്ക് ഷെഡ്ഡുകൾ അനുവദിച്ച് നൽകുന്നു. ഈ പ്രക്രിയകൾക്കെല്ലാം രജിസ്ട്രാർ എന്ന നിലയിലും വ്യവസായ വകുപ്പിന്റെ ജില്ലാതലവനെന്ന നിലയിലും ജില്ലാ വ്യവസായ കേന്ദ്രം ജനറൽ മാനേജർ മേൽനോട്ടം വഹിക്കുന്നു. ജനറൽ മാനേജരെ സഹായിക്കുന്നതിനായി വകുപ്പിലെ ഒരു ഉദ്യോഗസ്ഥനെ മാനേജിംഗ് ഡയറക്ടറായി ചുമതലപ്പെടുത്തിയിട്ടുണ്ട്. സർക്കാർ നിശ്ചയിച്ചിട്ടുള്ള നെഗറ്റീവ് ലിസ്റ്റിൽ ഉൾപ്പെടാത്ത എല്ലാത്തരം വ്യവസായങ്ങൾക്കും ഒഴിവുള്ള ഷെഡ്ഡുകളുടെ വ്യാപ്തിയും സംരംഭങ്ങളുടെ ആവശ്യകതയും വിലയിരുത്തി മുൻഗണനാക്രമം നിശ്ചയിച്ച് മേൽപ്പറഞ്ഞ രീതിയിൽ അനുവദിച്ചു നൽകുന്നു.

9. പാലക്കാട്

വ്യവസായം തുടങ്ങുവാൻ ആവശ്യമായ സ്ഥലം/ഷെഡ്ഡ് ഹയർ പർച്ചേയ്സ് വ്യവസ്ഥയിൽ അനുവദിച്ചുനൽകുന്നു.

10. മലപ്പുറം

ജില്ല വ്യവസായ കേന്ദ്രത്തിലെ മലപ്പുറം ഡിസ്ട്രിക് മിനി ഇൻഡസ്ട്രിയൽ എസ്റ്റേറ്റ് കോ-ഓപ്പറേറ്റീവ് സൊസൈറ്റി ലിമിറ്റഡ് നമ്പർ.എസ് (ഇൻഡ്) എം.

23 മലപ്പുറം എന്ന സൊസൈറ്റിയുടെ കീഴിലുള്ള മിനി ഇൻഡസ്ട്രിയൽ എസ്റ്റേറ്റുകളുടെ പ്രവർത്തനം തെരഞ്ഞെടുക്കപ്പെട്ട ഭരണ സമിതിയുടെ കീഴിലാണ്. മാനേജിംഗ് ഡയറക്ടർ, ചെയർമാർ എന്നീ സ്ഥാനങ്ങളിൽ ജില്ലാ വ്യവസായ കേന്ദ്രത്തിലെ 2 ഉദ്യോഗസ്ഥരും രജിസ്ട്രാർ ജില്ലാ വ്യവസായ കേന്ദ്രം ജനറൽ മാനേജരുമാണ്. പ്ലാസ്റ്റിക് റീ സൈക്ലിംഗ്, ട്രേഡ് റബ്ബർ, വാട്ടർ ടാങ്ക്, നെയ്ത് മാനുഫാച്ചറിംഗ്, അലുമിനിയം വെസ്സൽസ്, റിപ്പയറിംഗ് & സർവ്വീസിംഗ് ഓട്ടോ പാർട്സ്, മാനുഫാക്ച്ചറിംഗ് ഓഫ് പേപ്പർ കപ്സ് & പേപ്പർ നാപ്കിന്, മാനുഫാക്ചറിംഗ് ഓഫ് കോക്കനട്ട് ഓയിൽ, ജെനെറേറ്റർ സർവ്വീസിംഗ്, വാഷിംഗ് പൗഡർ, വുഡ് & ബിൽഡിംഗ് മെറ്റീരിയൽസ്, പോളിത്തീൻ കവർ, യൂസ്ഡ് പ്ലാസ്റ്റിക് വേസ്റ്റ് റിപ്പയറിംഗ്, ഗ്രീസ്, ഹവായ് ചപ്പൽ, പിവിസി പൈപ്പ് മാനുഫാക്ചറിംഗ് ഓഫ് കട്ടിങ് വീൽ, വയർ മാനുഫാക്ചറിംഗ് ഓഫ് പോളി പ്രൊഫൈ ബാഗ് മുതലായവയുടെ നിർമ്മാണം സർവ്വീസിംഗ് എന്നീ പ്രവർത്തനങ്ങളാണ് ഇവിടെ ചെയ്യുന്നത്.

11. <u>കോഴിക്കോട്</u>

വ്യവസായ എസ്റ്റേറ്റുകളിൽ ഒഴിവു വരുന്ന കെട്ടിടങ്ങൾ അപേക്ഷകളുടെ മുൻഗണനാ ക്രമത്തിൽ അനുവദിച്ചു വരുന്നു. നിയമപ്രകാരം അനുവദിക്കാവുന്ന എല്ലാത്തരം വ്യവസായ യൂണിറ്റുകൾക്കും കെട്ടിടങ്ങൾ അനുവദിക്കുന്നു.

12. <u>വയനാട്</u> ബാധകമല്ല.

13. <u>കണ്ണൂർ</u>

കണ്ണൂർ ജില്ലാ മിനി ഇൻഡസ്ട്രിയൽ എസ്റ്റേറ്റ് കോ ഓപ്പറേറ്റീവ് സൊസൈറ്റി ലിമിറ്റഡ് ആണ് മിനി എസ്റ്റേറ്റുകളുടെ പ്രവർത്തനങ്ങൾ നിയന്ത്രിക്കുന്നത് കയർ മാട്രസ്, പി.വി.സി.പൈപ്പ്, പ്ലൈവുഡ് എഞ്ചിനീയറിംഗ് വർക്സ്, പൗഡർ കോട്ടിംഗ്, സ്റ്റീൽ ഫർണിച്ചർ, സ്പ്രേ പെയിന്റ്സ്, പേപ്പർ ബാഗ്സ്, ഫ്ളോർ മിൽ, തുടങ്ങിയ സംരംഭങ്ങൾ മിനി ഇൻഡസ്ട്രിയൽ എസ്റ്റേറ്റിൽ പ്രവർത്തിക്കുന്നു.

14. <u>കാസർഗോഡ്</u>

നടപടി ക്രമങ്ങൾ പാലിച്ച് അപേക്ഷ സമർപ്പിച്ച് കഴിഞ്ഞാൽ ഹയർ പർച്ചേസിന് സ്ക്വയർഫീറ്റിന് 125 രൂപ എന്ന നിരക്കിൽ എല്ലാതരത്തിലുള്ള വ്യവസായങ്ങളും ആരംഭിക്കുന്നതിന് ഷെഡ്ഡ് അനുവദിക്കാറുണ്ട്.

സെക്ഷൻ ഓഫീസർ

Arun. M. S